# പതിനാലാം കേരള നിയമസഭ

## പതിമൂന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 2344 5.12.2018-ൽ മറുപടിക്ക്

**<u>മാനന്തവാടി മണ്ഡലത്തിലെ കുങ്കിച്ചിറ മ്യൂസിയം</u>**

**ചോദ്യം**

ശ്രീ.ഒ. ആർ. കേളു

**ഉത്തരം**

ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി
ബഹു.തുറമുഖവും മ്യൂസിയവും
പുരാവസ്തു സംരക്ഷണവും, പുരാരേഖയും വകുപ്പ് മന്ത്രി

| | | | |
|---|---|---|---|
| (എ) | മാനന്തവാടി മണ്ഡലത്തിലെ കുങ്കിച്ചിറ മ്യൂസിയത്തിന്റെ നിലവിലെ സ്ഥിതി അറിയിക്കാമോ; | (എ) | മ്യൂസിയം മൃഗശാലാ വകുപ്പിന് കീഴിൽ മാനന്തവാടി നിയോജകമണ്ഡലത്തിലെ കുങ്കിച്ചിറയിൽ നിർമ്മിച്ചുവരുന്ന പൈതൃക മ്യൂസിയം കെട്ടിടത്തിന്റെ 95% ജോലികൾ പൂർത്തീകരിച്ചു. പ്രസ്തുത മ്യൂസിയത്തിലേക്ക് ലഭ്യമായ വസ്തുക്കളുടെ പ്രദർശനം സജ്ജീകരിക്കുന്നതിനാവശ്യമായ ഡി.പി.ആർ തയ്യാറാക്കുന്നതിനും നോഡൽ ഏജൻസിയായ കേരളം ചരിത്ര പൈതൃക മ്യൂസിയത്തിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. മ്യൂസിയത്തിലേക്കാവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിന്റെ ഭാഗമായി മ്യൂസിയം സന്ദർശിക്കാൻ വരുന്ന ഭിന്നശേഷിക്കാർ ഉൾപ്പെടെയുള്ള സന്ദർശകർക്ക് ഉപയോഗിക്കത്തക്ക തരത്തിലുള്ള ആധുനിക രീതിയിലുള്ള ശൗചാലയങ്ങൾ സ്ഥാപിച്ചിട്ടുണ്ട്. മ്യൂസിയത്തിന്റെ മുൻവശത്തെ ചുറ്റുമതിലിന്റെ നിർമ്മാണം പൂർത്തീകരിച്ചു. കെ.എസ്.ഇ.ബി മുഖേന വൈദ്യുതി ലഭ്യമാക്കുന്നതിനായി ട്രാൻസ്ഫോർമർ, ജനറേറ്റർ എന്നിവ സ്ഥാപിച്ചു കഴിഞ്ഞു. വൈദ്യുതി ലഭ്യമാകുന്ന മുറയ്ക്ക് ഭിന്ന ശേഷിക്കാരായ സന്ദർശകരുടെ സൗകര്യാർത്ഥം ഉപയോഗിക്കുന്നതിന് ഒരു ലിഫ്റ്റ് സ്ഥാപിക്കുന്നതിനുള്ള നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തീകരിക്കും. ഹൈ ടെൻഷൻ ലൈൻ കൊണ്ടുവരുന്നതിനാവശ്യമായ കേബിൾ സ്ഥാപിക്കുന്നതിനുള്ള പ്രവർത്തികൾ നടന്നു വരുന്നു. മ്യൂസിയത്തിനു മുന്നിലായുള്ള ചിറ നവീകരിച്ച് കുങ്കിയമ്മയുടെ പ്രതീകാത്മകമായ പ്രതിമ ചിറയിൽ സ്ഥാപിച്ചിട്ടുണ്ട്. ചിറയുടെ സംരക്ഷിത പ്രവർത്തനങ്ങളുടെ ഭാഗമായുള്ള സംരക്ഷണ ഭിത്തികളുടേയും നടപ്പാതയുടേയും നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തീകരിച്ചു വരുന്നു. |

| | | | |
|---|---|---|---|
| (ബി) | പ്രസ്തുത മ്യൂസിയത്തിൽ നിലവിൽ എത്ര ജീവനക്കാരുണ്ട്; | (ബി) | നിലവിൽ ഒരു സൂപ്പർവൈസറി ഉദ്യോഗസ്ഥൻ, 4-ഗാർഡനർമാർ, 1 സ്വീപ്പർ അടക്കം ആകെ 6 ജീവനക്കാരാണുള്ളത്. |
| (സി) | ഇപ്പോൾ കങ്കിചിറയിൽ നടന്നുവരുന്ന നിർമ്മാണ പ്രവൃത്തികൾ ഏത് ഏജൻസിയാണ് നടത്തുന്നത്; | (സി) | കങ്കിച്ചിറ മ്യൂസിയത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ കേന്ദ്ര സർക്കാർ അംഗീകൃത ഏജൻസിയായ M/s. ഹിന്ദുസ്ഥാൻ പ്രീ-ഫാബ് ലിമിറ്റഡ്, തൈയ്ക്കാട്, തിരുവനന്തപുരവും, ചിറയുടെ നവീകരണം സംസ്ഥാന സർക്കാർ അംഗീകൃത ഏജൻസിയായ M/s. ഹാബിറ്റാറ്റ് ലിമിറ്റഡ്, തൊടുപുഴ, ഇടുക്കി എന്നീ സ്ഥാപനങ്ങളുമാണ് നടത്തി വരുന്നത്. |
| (ഡി) | പ്രസ്തുത കേന്ദ്രത്തിന്റെ പ്രവർത്തനം എപ്പോൾ ആരംഭിക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത് എന്ന് അറിയിക്കുമോ? | (ഡി) | 2019-2020 സാമ്പത്തിക വർഷത്തിൽ തന്നെ എല്ലാവിധ നിർമ്മാണ പ്രവർത്തനങ്ങളും പൂർത്തീകരിച്ച് പൊതുജനങ്ങൾക്ക് സമർപ്പിക്കുന്നതിനുള്ള സത്വര നടപടികൾ സ്വീകരിച്ച് വരുന്നു. |

**സെക്ഷൻ ഓഫീസർ**